ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 28.12.2025**

## പ്രധാനവാർത്തകൾ

1. ഓപ്പറേഷൻ സിന്ദൂർ ഓരോ ഭാരതീയന്റെയും അഭിമാനത്തിൻറെ പ്രതീകമായി മാറിയയെന്ന് മൻ കി ബാത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി.

2. 2025 കായികരംഗത്ത്, അവിസ്മരണീയമായ വർഷമായിരുന്നു എന്ന് പ്രധാനമന്ത്രി. ശാസ്ത്ര-ബഹിരാകാശ മേഖലയിൽ ഇന്ത്യ വലിയ കുതിച്ചുചാട്ടം നടത്തി.

3. രാജ്യം 77 -ാമത് റിപ്പബ്ലിക്ക് ദിനം ആഘോഷിക്കുന്ന വേളയിൽ സ്വാതന്ത്ര്യ സമര സേനാനികളെയും ഭരണഘടനാ ഉപജ്ഞാതാക്കളെയും നന്ദിയോടെ സ്മരിച്ച് പ്രധാനമന്ത്രി.

4. രണ്ട് ദിവസത്തെ സന്ദർശനത്തിനായി ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ നാളെ തിരുവനന്തപുരത്ത് എത്തും.

5. 84-ാമത് ഇന്ത്യൻ ചരിത്ര കോൺഗ്രസ് മുഖ്യമന്ത്രി പിണറായി വിജയൻ കണ്ണൂരിൽ ഉദ്ഘാടനം ചെയ്തു. കേരളത്തിന് വലിയ തോതിലുള്ള സംഭാവനകൾ നൽകാൻ ചരിത്ര കോൺഗ്രസിന് സാധിച്ചതായി മുഖ്യമന്ത്രി.

RNU TVPM

6. ശ്രീലങ്കക്കെതിരായ വനിതാ ടി-20 ക്രിക്കറ്റ് പരമ്പരയിലെ നാലാം മത്സരം ഇന്ന് തിരുവനന്തപുരത്ത്.

**&&&&&&&&&&&&&&&&&&&**

<u>മൻ കി ബാത്ത്- 1</u>

'ഓപ്പറേഷൻ സിന്ദൂർ' ഓരോ ഭാരതീയന്റെയും അഭിമാനത്തിന്റെ പ്രതീകമായി മാറിയതായി പ്രധാനമന്ത്രി നരേന്ദ്രമോദി. പ്രതിമാസ പ്രഭാഷണ പരിപാടി മൻ കി ബാത്തിൻറെ 129-ാം പതിപ്പിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.'ഓപ്പറേഷൻ സിന്ദൂർ' വേളയിൽ, ഭാരതത്തോടുള്ള സ്നേഹത്തിന്റെയും ഭക്തിയുടെയും ചിത്രങ്ങൾ രാജ്യത്തിന്റെ എല്ലാ കോണുകളിൽ നിന്നും ഉയർന്നുവന്നതായും 'വന്ദേമാതരം' 150 വർഷം പൂർത്തിയാക്കിയപ്പോഴും ഇതേ മനോഭാവം പ്രകടമായിരുന്നതായും പ്രധാനമന്ത്രി വ്യക്തമാക്കി.

**&&&&&&&&&&&&&&&&&&&**

<u>മൻ കി ബാത്ത് - കായികം- (ഇൻട്രോ)</u>

2025 കായികരംഗത്ത്, അവിസ്മരണീയമായ ഒരു വർഷമായിരുന്നുവെന്ന് പ്രധാനമന്ത്രി പറഞ്ഞു. അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലെത്തിയ ആദ്യ ഭാരതീയനായി ശുഭാൻഷു ശുക്ല മാറിയെന്നും, ശാസ്ത്ര-ബഹിരാകാശ മേഖലയിൽ ഇന്ത്യ വലിയ കുതിച്ചുചാട്ടം നടത്തിയതായും പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു.

(ഹോൾഡ് വോയിസ്)

പരിസ്ഥിതി വന്യജീവി സംരക്ഷണവുമായി ബന്ധപ്പെട്ട ശ്രമങ്ങളും അയോധ്യ രാമക്ഷേത്രത്തിലെ ധ്വജാരോഹണ ചടങ്ങും ശ്രീ മോദി മൻ കി ബാത്തിൽ പരാമർശിച്ചു. 2026 ൽ

RNUTVPM

പുതിയ പ്രതീക്ഷകളോടും പുതിയ പ്രതിജ്ഞകളോടും കൂടി രാജ്യം മുന്നോട്ട് പോകാൻ തയ്യാറാണെന്നും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&&&

<u>മൻ കി ബാത്ത്- ഭാഷ</u>

ഹിന്ദുസ്ഥാനി ക്ലാസിക്കൽ സംഗീതം, നാടോടി പാരമ്പര്യങ്ങൾ, മറ്റ് ക്ലാസിക്കൽ വിഭാഗങ്ങൾ എന്നിവ വിദ്യാർത്ഥികൾ ഒരുമിച്ച് പരിശീലിക്കുന്ന ഗീതാഞ്ജലി IISc യെ കുറിച്ച് പറഞ്ഞ പ്രധാനമന്ത്രി ഭാഷയുമായുള്ള ബന്ധം ഊട്ടിഉറപ്പിക്കുന്നതിന് ദുബായിൽ ആരംഭിച്ച കന്നട പാഠശാലയെ കുറിച്ചും മൻ കി ബാത്തിൽ പരാമർശിച്ചു. സൗരോർജ്ജ ഉത്പാദനത്തിൽ ക്യാമ്പെയിൻ ആരംഭിച്ച മണിപ്പൂരിൽ നിന്നുള്ള മൊയിരാംഗ്ഥേം സേഠിനെ പറ്റിയും പ്രധാനമന്ത്രി മൻകി ബാത്തിൽ എടുത്തു പറഞ്ഞു. പിഎം സൂര്യ ഘർ മുഫ്ത് ബിജിലി യോജന പ്രകാരം, സോളാർ പാനലുകൾ സ്ഥാപിക്കുന്നതിന് ഓരോ ഗുണഭോക്തൃ കുടുംബത്തിനും സർക്കാർ 75,000 മുതൽ 80,000 രൂപ വരെ നൽകുന്നതായി പ്രധാനമന്ത്രി വ്യക്തമാക്കി.

RNU TVPM

&&&&&&&&&&&&&&&&&&&

<u>മൻ കി ബാത്ത് - യുവജനം -(ഇൻട്രോ)</u>

രാജ്യത്തിൻറെ പ്രതീക്ഷയുടെ ഏറ്റവും വലിയ ഉറവിടം യുവശക്തിയാണെന്ന് പ്രധാനമന്ത്രി മൻ കി ബാത്തിൽ അഭിപ്രായപ്പെട്ടു. ശാസ്ത്ര സാങ്കേതികവിദ്യയിലെ നേട്ടങ്ങൾ ലോകമെമ്പാടുമുള്ള രാജ്യങ്ങളെ വളരെയധികം സ്വാധീനിച്ചിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

(ഹോൾഡ് വോയിസ്)

യുവാക്കൾക്ക് അവരുടെ കഴിവുകൾ പ്രകടിപ്പിക്കാൻ കഴിയുന്ന നിരവധി പ്ലാറ്റ് ഫോമുകൾ വികസിച്ച് കൊണ്ടിരിക്കുന്നതായും

സ്റ്റാർട്ട് ഇന്ത്യ ഹാക്കത്തോൺ ഇതിന് ഉദാഹരണമാണെന്നും പ്രധാനമന്ത്രി പറഞ്ഞു. ഈ വർഷത്തെ ഹാക്കത്തോണിൽ സാമ്പത്തിക കുറ്റകൃത്യങ്ങൾ, ഡിജിറ്റൽ അറസ്റ്റ്, സൈബർ സുരക്ഷ എന്നിവയെ കുറിച്ച് വിദ്യാർത്ഥികൾ ആശയങ്ങൾ പങ്കുവച്ചിരുന്നതായും ശ്രീ മോദി അറിയിച്ചു.

**&&&&&&&&&&&&&&&&&&&**

<u>മൻ കി ബാത്ത്- ജമ്മുകശ്മീർ</u>

ജമ്മുകശ്മീരിലെ ബാരാമുള്ളയിലെ ജഹൻ പോര യിലുള്ള ബുദ്ധ സമുച്ചയത്തെ കുറിച്ചും ശ്രീ മോദി മൻ കി ബാത്തിൽ സൂചിപ്പിച്ചു. കശ്മീരിന്റെ ഭൂതകാലത്തെയും അതിന്റെ സമ്പന്നമായ സ്വത്വത്തെയും ഓർമ്മിപ്പിക്കുന്നതാണ് ഇവയെന്നും അദ്ദേഹം പറഞ്ഞു.

**&&&&&&&&&&&&&&&&&&&**

<u>മൻ കി ബാത്ത്- തമിഴ്</u>

ഫിജിയിലെ റാക്കി- റാക്കി മേഖലയിലെ ഒരു വിദ്യാലയത്തിൽ ആദ്യമായി തമിഴ് ദിനം ആഘോഷിച്ചതിൽ പ്രധാനമന്ത്രി സന്തോഷം പ്രകടിപ്പിച്ചു. തമിഴ് ഭാഷ പ്രോത്സാഹിപ്പിക്കുന്നതിനായി നിരവധി പ്രവർത്തനങ്ങൾ നടക്കുന്നതായി പറഞ്ഞ ശ്രീ മോദി നാലാമത് കാശി തമിഴ് സംഗമത്തെക്കുറിച്ചും പരാമർശിച്ചു.

**&&&&&&&&&&&&&&&&&&&**

<u>മൻ കി ബാത്ത്- പാർവതി ഗിരി</u>

അടുത്ത മാസം രാജ്യം 77 -ാമത് റിപ്പബ്ലിക്ക് ദിനം ആഘോഷിക്കുന്ന വേളയിൽ സ്വാതന്ത്ര്യ സമര സേനാനികളെയും ഭരണഘടനാ ഉപജ്ഞാതാക്കളെയും നന്ദിയോടെ സ്മരിച്ച്

RNU TVPM

പ്രധാമന്ത്രി നരേന്ദ്ര മോദി. ഒഡീഷയിലെ സ്വാതന്ത്ര്യ സമര സേനാനി പാർവതി ഗിരിയെ അദ്ദേഹം മൻ കി ബാത്തിൽ അനുസ്മരിച്ചു.

**&&&&&&&&&&&&&&&&&&&**

<u>മൻ കി ബാത്ത് - ആൻറിബയോട്ടിക്ക്- ഇൻട്രോ</u>

ആന്റിബയോട്ടിക് ഉൾപ്പെടെയുള്ള മരുന്നുകൾ സ്വന്തം ഇഷ്ടപ്രകാരം ഉപയോഗിക്കുന്നത് ഒഴിവാക്കണമെന്ന് പ്രധാനമന്ത്രി നിർദ്ദേശിച്ചു. അശ്രദ്ധമായ ഉപയോഗം കാരണം പല രോഗങ്ങൾക്കും ആന്റിബയോട്ടിക്കുകൾ ഫലപ്രദമല്ലാതായിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

(ഹോൾഡ് വോയിസ്)

RNU TVPM

**&&&&&&&&&&&&&&&&&&&**

<u>മൻ കി ബാത്ത്- പരമ്പരാഗത കല</u>

പരമ്പരാഗത കലകൾ സമൂഹത്തെ ശാക്തീകരിക്കുകയും ജനങ്ങളുടെ സാമ്പത്തിക പുരോഗതിക്കുള്ള പ്രധാന മാധ്യമമായി മാറുകയും ചെയ്യുതായി പ്രധാനമന്ത്രി. ആന്ധ്ര പ്രദേശിലെ നാർസാപുരം ജില്ലയിലെ ലെയ്സ് ക്രാഫ്റ്റ് ഒരു ലക്ഷത്തോളം സ്ത്രീകൾക്ക് തൊഴിൽ ലഭ്യമാക്കുന്നതായി പ്രധാനമന്ത്രി വ്യക്തമാക്കി. മണിപ്പൂരിലെ രണ്ട് പരമ്പരാഗത കലാകാരൻമാരെ മൻ കി ബാത്തിൽ പ്രശംസിച്ചു.

**&&&&&&&&&&&&&&&&&&&**

<u>മൻ കി ബാത്ത്- കച്ച് റാണോത്സവ്</u>

കച്ച് റാണോത്സവത്തെക്കുറിച്ച് പറഞ്ഞ ശ്രീ മോദി അവസരം ലഭിക്കുമ്പോൾ ഇത്തരം ആഘോഷങ്ങളിൽ പങ്കെടുക്കണമെന്നും

ഭാരതത്തിന്റെ വൈവിധ്യം ആസ്വദിക്കണമെന്നും മൻ കി ബാത്തിലൂടെ ആഹ്വനം ചെയ്തു. വികസിത ഭാരതത്തെ കുറിച്ചുള്ള ജനങ്ങളുടെ സന്ദേശങ്ങൾ ആ ലക്ഷ്യം സാക്ഷാത്കരിക്കപ്പെടുമെന്ന വിശ്വാസം പകരുന്നതായി പ്രധാനമന്ത്രി പറഞ്ഞു. ഫിറ്റ് ഇന്ത്യ മൂവ്മെൻറിനെ കുറിച്ചും, വ്യായാമത്തിൻറെ പ്രാധാന്യത്തെ കുറിച്ചും പരാമർശിച്ചാണ് പ്രധാനമന്ത്രി മൻ കിബാത്തിൻറെ ഈ ലക്കം അവസാനിപ്പിച്ചത്.

**&&&&&&&&&&&&&&&&&&&**

രാഷ്ട്രപതി സന്ദർശനം

രാഷ്ട്രപതി ദ്രൗപതി മുർമു വടക്കൻ കർണാടകയിലെ കാർവാറിൽ INS കദംബ നാവിക താവളം സന്ദർശിച്ചു. അന്തർവാഹിനിയിൽ രാഷ്ട്രപതി കടൽ യാത്ര നടത്തി. നാളെയും മറ്റന്നാളും ജാർഖണ്ഡിൽ വിവിധ പരിപാടികളിൽ രാഷ്ട്രപതി സംബന്ധിക്കും.

**&&&&&&&&&&&&&&&&&&&**

ഉപരാഷ്ട്രപതി സന്ദർശനം- (ഇൻട്രോ)

രണ്ട് ദിവസത്തെ സന്ദർശനത്തിനായി ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ നാളെ തിരുവനന്തപുരത്ത് എത്തും.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി.**

**(ഹോൾഡ് വോയ്സ്.........)**

**&&&&&&&&&&&&&&&&&&&**

മുഖ്യമന്ത്രി- കണ്ണൂർ

RNU TVPM

എൺപത്തി നാലാമത് ഇന്ത്യൻ ചരിത്ര കോൺഗ്രസിന് തലശ്ശേരി ഗവൺമെൻറ് ബ്രണ്ണൻ കോളേജിൽ തുടക്കമായി. മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു. ചരിത്ര കോൺഗ്രസിന് കേരളത്തിന് വലിയ തോതിലുള്ള സംഭാവനകൾ നൽകാൻ സാധിച്ചതായി മുഖ്യമന്ത്രി പറഞ്ഞു. ആധുനികകാലത്ത് ചരിത്ര കോൺഗ്രസിന് പ്രത്യേകത ഏറെയാണെന്നും മുഖ്യമന്ത്രി പറഞ്ഞു. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി ആയിരത്തോളം പ്രതിനിധികളാണ് ചരിത്രം കോൺഗ്രസിൽ പങ്കെടുക്കുന്നത്.

&&&&&&&&&&&&&&&&&&&

## വനിതാ ക്രിക്കറ്റ്

ശ്രീലങ്കക്കെതിരായ വനിതാ ടി-20 ക്രിക്കറ്റ് പരമ്പരയിലെ നാലാം മത്സരം ഇന്ന് തിരുവനന്തപുരം കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ നടക്കും. വൈകുന്നേരം ഏഴിനാണ് മത്സരം. അഞ്ച് മത്സരങ്ങളടങ്ങിയ പരമ്പരയിൽ ഇന്ത്യ 3-0 ത്തിന് മുന്നിലാണ്. അഞ്ചാം മത്സരം ചൊവ്വാഴ്ച നടക്കും.

RNU TVPM

&&&&&&&&&&&&&&&&&&&

## പാലക്കാട്- മൃതദേഹം കണ്ടെടുത്തു

പാലക്കാട് ചിറ്റൂരിൽ കാണാതായ ആറു വയസ്സുകാരനെ മരിച്ച നിലയിൽ കണ്ടെത്തി. വീട്ടിൽനിന്ന് അകലെയുള്ള കുളത്തിൽനിന്ന് മൃതദേഹം കണ്ടെടുത്തു. ചിറ്റൂർ അമ്പാട്ടുപ്പാളയം എരുമങ്കോട് സ്വദേശി മുഹമ്മദ് അനസ്– താഹിത ദമ്പതികളുടെ മകൻ സുഹാനാണ് മരിച്ചത്. ഇന്നലെയാണ് സുഹാനെ കാണാതായത്. അതേസമയം സംഭവത്തിൽ വിശദമായ അന്വേഷണം നടത്താൻ വിദ്യാഭ്യാസമന്ത്രി വി ശിവൻകുട്ടി ജില്ലാ കളക്ടർക്ക് നിർദ്ദേശം

നൽകി. സുഹാന്റെ കുടുംബത്തിന് നിയമപരമായി വേണ്ട എല്ലാ സഹായങ്ങളും സർക്കാർ ഉറപ്പുവരുത്തുമെന്നും മന്ത്രി അറിയിച്ചു.

&&&&&&&&&&&&&&&&&&&

<u>എം ജി രാധാകൃഷ്ണന്റെ പ്രതിമ</u>

പ്രശസ്ത സംഗീതജ്ഞൻ എം ജി രാധാകൃഷ്ണന്റെ പ്രതിമ കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി തിരുവനന്തപുരം തൈക്കാട് അനാച്ഛാദനം ചെയ്തു. മന്ത്രി സജി ചെറിയാൻ, ബിജെപി നേതാവ് കുമ്മനം രാജശേഖരൻ സംഗീത സംവിധായകരായ ഔസേപ്പച്ചൻ, ജയചന്ദ്രൻ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു. എം.ജി രാധാകൃഷ്ണൻ സ്മാരക പാർക്ക് പൊതുജനങ്ങൾക്കായി തുറന്നുകൊടുത്തു.

PNU TVPM

&&&&&&&&&&&&&&&&&&&

<u>സർഗോത്സവം</u>

പട്ടികവർഗ വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന മോഡൽ റെസിഡൻഷ്യൽ സ്കൂൾ വിദ്യാർഥികളുടെ സംസ്ഥാനതല കലാമേള -സർഗോത്സവം 2025 കണ്ണൂരിൽ ആരംഭിച്ചു. പരിപാടിയുടെ ഔദ്യോഗിക ഉദ്ഘാടനം മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ഇന്ന് വൈകുന്നേരം നിർവഹിക്കും. മന്ത്രി ഒ.ആർ കേളു അധ്യക്ഷനാകും. 22 മോഡൽ റസിഡൻഷ്യൽ സ്കൂളിലെയും 120 ഹോസ്റ്റലുകളിലെയും 1500 ലധികം വിദ്യാർഥികളാണ് കലാമേളയിൽ പങ്കെടുക്കുന്നത്. മറ്റന്നാൾ വരെയാണ് കലോത്സവം.

&&&&&&&&&&&&&&&&&&&

<u>കരട് പട്ടിക</u>

കേരളത്തിൽ കരട് വോട്ടർ പട്ടികയിൻമേലുള്ള പരാതികളും അവകാശവാദങ്ങളും ജനുവരി 22 വരെ സമർപ്പിക്കാം. voters.eci.gov.in, ceo.kerala.gov.in വെബ്സൈറ്റുകളിൽ കരട് പട്ടിക ലഭ്യമാണ്.

**&&&&&&&&&&&&&&&&&&&**

**&&&&&&&&&&&&&**

**&&&**

RNU TVPM